# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ .258

07/11/2019 -ൽ മറുപടിയ്ക്ക്

## രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവൽക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.വി.ആർ. സുനിൽ കുമാർ**<br>**ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**ശ്രീ.ജി.എസ്.ജയലാൽ**<br>**,, ഇ.ടി. ടൈസൺ മാസ്റ്റർ** | **ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനം കാലാനുസൃതമാക്കുന്നതിനായി സ്വീകരിച്ച ആധുനികവൽക്കരണ നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; | (എ) രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനം കാലാനുസൃതമാക്കുന്നതിനായി ചുവടെ ചേർക്കുന്ന ആധുനികവൽക്കരണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1) ആധാര വിവരങ്ങൾ ഓൺലൈനായി നൽകുന്നതിനും, ആധാരം രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ചുകൊണ്ട് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനുമുള്ള സംവിധാനം .<br><br>2) ആധാര രജിസ്ട്രേഷനായി ഫീസ് ഒടുക്കുന്നതിനുള്ള ഇ-പേയ്മെന്റ് സംവിധാനം .<br><br>3) ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ ഒപ്പോടുകൂടി പൊതുജനങ്ങൾക്ക് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം .<br><br>4) ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ സ്റ്റാമ്പ് ഡ്യൂട്ടി ഒടുക്കേണ്ടി വരുന്ന എല്ലാ രജിസ്ട്രേഷൻ സംബന്ധമായ മുദ്രപ്പത്രങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം.<br><br>5) പൊതുജനങ്ങൾക്ക് സ്വയം ആധാരം തയാറാക്കി രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും, ആയതിലേക്കായി ആധാരങ്ങളുടെ മാതൃക രജിസ്ട്രേഷൻ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. പ്രസ്തുത സംവിധാനം കൂടുതൽ സൗകര്യപ്രദമാക്കുന്നതിന്, A3 വലിപ്പത്തിലുള്ള ഫയലിംഗ് ഷീറ്റുകൾ A4 വലിപ്പത്തിലാക്കി പരിഷ്കരിച്ചിട്ടുണ്ട്. |

6) ആധാരങ്ങളുടെ സർട്ടിഫൈഡ് പകർപ്പ്, ലിസ്റ്റ്സർട്ടിഫിക്കറ്റ് എന്നിവയ്ക്കായി സബ് രജിസ്ട്രാർ ഓഫീസുകളിൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനം .

7) സ്പെഷ്യൽ മാര്യേജുകൾക്കുള്ള അപേക്ഷ/ നോട്ടീസ്, പാർട്ട്ണർഷിപ്പ് ഫേമുകളുടെ രജിസ്ട്രേഷൻ, സൊസൈറ്റി രജിസ്ട്രേഷൻ തുടങ്ങിയവയ്ക്കുള്ള അപേക്ഷകൾ ഓൺലൈനിൽ സമർപ്പിക്കുന്നതിനുള്ള സംവിധാനം .

8) ആധാരപകർപ്പുകൾ ഉൾപ്പെടെയുള്ള രേഖകൾ സംരക്ഷിക്കുന്നതിന് വകുപ്പിൽ ഡിജിറ്റൈസേഷൻ ആരംഭിച്ചു .

9) രജിസ്ട്രേഷൻ വകുപ്പിന്റെ വിവിധ ഓൺലൈൻ സേവനങ്ങളുമായി ബന്ധപ്പെട്ട് അപേക്ഷകർക്ക് എസ് .എം. എസ് മുഖേന അറിയിപ്പ് നൽകുന്നു .

10) ഭൂമിയുടെ ന്യായവില ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.

11) റവന്യൂ വകുപ്പുമായി സഹകരിച്ച് ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കി.

**(ബി)** ആധാരപകർപ്പുകൾ ഉൾപ്പെടെയുള്ള രേഖകൾ സംരക്ഷിക്കുന്നതിന് വകുപ്പിൽ ഡിജിറ്റൈസേഷൻ ആരംഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

**ബി)** ഉണ്ട്.

**(സി)** ഗഹാനുകൾക്കും ഗഹാനുകളുടെ ഒഴിമുറിക്കും ഇ-ഫയലിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

**(സി)** ഗഹാനുകൾക്കും ഗഹാനുകളുടെ ഒഴിമുറിക്കും ഇ-ഫയലിംഗ് സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ പുനലൂർ, കുളത്തൂപ്പുഴ, അഞ്ചൽ സബ് രജിസ്ട്രാർ ഓഫീസുകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

**(ഡി)** സബ് രജിസ്ട്രാർ ഓഫീസുകൾ അഴിമതി രഹിതമാക്കുന്നതിന് ആധുനികവൽക്കരണം ഏതൊക്കെ തരത്തിൽ സഹായകരമാകുമെന്ന് വെളിപ്പെടുത്താമോ;

**ഡി)** രജിസ്ട്രേഷൻ വകുപ്പിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന സേവനങ്ങൾക്കായി ആധുനികവത്കരണ നടപടികൾ സ്വീകരിക്കുക വഴി സബ് രജിസ്ട്രാർ ഓഫീസിൽ പണമിടപാടുകൾ ഒഴിവാക്കുവാൻ സാധിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഇ) | നവീന സാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിൽ ആധാരം രജിസ്ട്രേഷൻ നടപടികൾ എങ്ങനെയൊക്കെ ലളിതവും സുതാര്യവുമാക്കുമെന്ന് വ്യക്തമാക്കാമോ? | (ഇ) | നവീന സാങ്കേതിക വിദ്യയുടെ സഹായത്താൽ പൊതുജനങ്ങൾക്ക് ഭൂമിയുടെ ന്യായ വിലയുടെ അടിസ്ഥാനത്തിൽ മുദ്രയും ഫീസും കണക്കാക്കുന്നതിനും, സ്വയം ആധാരം തയാറാക്കി രജിസ്റ്റർ ചെയ്യുന്നതിനും സാധിച്ചിട്ടുണ്ട്. ആധാരത്തിന്റെ അടിസ്ഥാന വിവരങ്ങൾ ഓൺലൈനായി പരിശോധിക്കുന്നതിനും, ആധാര രജിസ്ട്രേഷന് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനും രജിസ്ട്രേഷന് ഹാജരാകുന്നതിനുള്ള സമയം മുൻകൂട്ടി അറിയുന്നതിനുമുള്ള സംവിധാനവും ഏർപ്പെടുത്തുക വഴി ആധാര രജിസ്ട്രേഷൻ നടപടികൾ കൂടുതൽ ലളിതവും സുതാര്യവുമാക്കുവാൻ സാധിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**